©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2025 സെപ്റ്റംബർ 16<br>16th September 2025<br>1201 ചിങ്ങം 31<br>31st Chingam 1201<br>1947 ഭാദ്രം 25<br>25th Bhadra 1947 | നമ്പർ<br>No. | 3279 |

**കേരള സർക്കാർ**

<u>വനം വന്യജീവി (ഇ)വകുപ്പ്</u>

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ.19/2025/വനം

തിരുവനന്തപുരം, *2025 ആഗസ്റ്റ് 21,*

*1201 ചിങ്ങം 5,*

*1947 ശ്രാവണം 30.*

**എസ്. ആർ. ഒ. നമ്പർ 1049/2025**

2023 -ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റിലെ (2005-ലെ 21) 10 ബി വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2010 ആഗസ്റ്റ് 20-ാം തീയതിയിലെ സ.ഉ. (അച്ചടി) 54/2010/വനം നമ്പരായി പുറപ്പെടുവിച്ചതും 2010 സെപ്റ്റംബർ 15-ാം തീയതിയിലെ 2113-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 893/2010

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നമ്പരായി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം, പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ ക്കനുസൃതമായി താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു. അതായത് :-

**ഭേദഗതി**

പ്രസ്തുത വിജ്ഞാപനത്തിൽ (iii) (എ) ,(ബി) ഇനങ്ങൾക്കുപകരം താഴെപറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:-

"(iii) (എ) ഡോ.വി.ബി.ശ്രീകുമാർ, പ്രിൻസിപ്പൽ സയന്റിസ്റ്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഫോറസ്റ്റ് ബോട്ടണി ഫോറസ്റ്റ് ഇക്കോളജി ആന്റ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ ഡിവിഷൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി, തൃശ്ശൂർ ജില്ല- 680653(അംഗം)

(ബി) ഡോ.അരുൺ പി.ആർ., സയന്റിസ്റ്റ്, ലാന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് റിസർച്ച് ഗ്രൂപ്പ് സെന്റർ ഫോർ വാട്ടർ റിസോഴ്സസ്, ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ്, കുന്ദമംഗലം, കോഴിക്കോട് - (അംഗം)"

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

മിൻഹാജ് അലം ഐ എ എസ് ,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു)

2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റിലെ (2005-ലെ 21) 10 ബി വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് രൂപീകരിച്ച പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ അവകാശ തർക്കപരിഹാര സമിതിയിലെ അംഗങ്ങളായ ഡോ. ചന്ദ്രശേഖർ, സീനിയർ സയന്റിസ്റ്റ്, ശ്രീ. സി.എം.സുശാന്ത്, ശാസ്ത്രജ്ഞൻ എന്നിവർ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ടി അംഗങ്ങൾക്ക് പകരമായി രണ്ട് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യേണ്ടത് തർക്കപരിഹാര സമിതിയുടെ പ്രവർത്തനത്തിന് അത്യാവശ്യമായി തീർന്നിരിക്കുകയാണ്. ആയതിനാൽ 2010 ആഗസ്റ്റ് 20-ാം തീയതിയിലെ 54/2010/വനം എന്ന സർക്കാർ ഉത്തരവ് (അച്ചടി) പ്രകാരം രൂപീകരിച്ചതും 2010 സെപ്റ്റംബർ 15-ാം തീയതിയിലെ 2113 നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 893/2010 എന്ന നമ്പരായി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസിദ്ധീകരിച്ച്  വിജ്ഞാപനം ചെയ്തതുമായ പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശ അവകാശ തർക്ക പരിഹാരസമിതിയിലെ  അംഗങ്ങളായിരുന്ന ഡോ. ചന്ദ്രശേഖർ, ശ്രീ. സി.എം.സുശാന്ത് എന്നിവർക്കു പകരമായി ഡോ.വി.ബി.ശ്രീകുമാർ, ഡോ.അരുൺ പി.ആർ  എന്നീ ശാസ്ത്രജ്ഞന്മാരെ  പ്രസ്തുത തർക്ക പരിഹാര സമിതിയിലെ  അംഗങ്ങളായി  നാമനിർദ്ദേശം ചെയ്യുവാൻ  സർക്കാർ  തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.16 02:00:13 +05:30